ഉത്തരം

(എ) ഇല്ല.

(ബി, സി ആന്റ് ഡി) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള പുതിയ ക്ഷേമ പദ്ധതികൾ

45 [3053] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പുതിയതായി നടപ്പാക്കിയ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി എന്തു തുക കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചെന്നും അവ ഏതെല്ലാം പദ്ധതികൾക്കാണെന്നും വിശദമാക്കുമോ;

(സി) പുതിയതായി ഏതെല്ലാം വിഭാഗങ്ങൾക്ക് ക്ഷേമ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്നും എന്തെല്ലാം പദ്ധതികളാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അനാഥാലയങ്ങൾ

46 [3054] ശ്രീ. എ. സി. ഷൺമുഖദാസ്:

ഡോ. കെ. സി. ജോസഫ്:

" എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

" സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റിൽ നിന്നും ഗ്രാന്റ് വാങ്ങുന്ന എത്ര അനാഥാലയങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്ന് വെളിപ്പെടുത്താമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര അനാഥാലയങ്ങൾക്ക് പുതുതായി ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്;

(സി) ഗ്രാന്റ് നൽകുന്ന എല്ലാ അനാഥാലയങ്ങളിലുമായി ആകെ എത്ര അന്തേവാസികൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ അനാഥാലയങ്ങൾക്ക് ഒരു വർഷത്തിൽ ഗ്രാന്റായി നൽകുന്ന സംഖ്യ ഏകദേശം എത്രയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 465 അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകി വരുന്നുണ്ട്.

(ബി) 151 അനാഥാലയങ്ങൾക്ക് പുതുതായി ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(സി) 40280 അന്തേവാസികൾക്ക് ഗ്രാന്റ് നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഈ അനാഥാലയങ്ങളിലെ എല്ലാ അന്തേവാസികൾക്കും ഗ്രാന്റ് നൽകുന്നതിന് ഒരു വർഷം ശരാശരി 5,12,00,000 രൂപ ആവശ്യമുണ്ട്. (ഒരു അന്തേവാസിയ്ക്ക് ഒരു മാസം 125 രൂപ നിരക്കിൽ)

അഭയകേന്ദ്രങ്ങൾ

47 [3055] ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഭയകേന്ദ്രങ്ങൾ ഏതെല്ലാമെന്നും അവ സംസ്ഥാനത്തിന്റെ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നത് എന്നും അറിയിക്കാമോ;

(ബി) അഭയകേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇവയുടെ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം (2003-2004) എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly